# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 5780 09/07/2012-ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഐ.ഐ.റ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏതെല്ലാം സ്ഥാപനങ്ങളും പദ്ധതികളുമാണ് അനുവദിച്ചിട്ടുള്ളത് അവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് താഴെ പറയുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളുമാണ് അനുവദിച്ചിട്ടുള്ളത്<br>1. ട്രാൻസ്പോർട്ടേഷൻ മേഖലയിൽ പ്രായോഗിക ഗവേഷണവും സാങ്കേതിക വിദ്യാ കൈമാറ്റവും ശക്തിപ്പെടുത്തുന്നതിനും,ട്രാൻസ്പോർട്ടേഷൻ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ട്രാൻസ്പോർട്ടേഷൻ എഞ്ചിനിയറിംഗ് റിസർച്ച് സെന്റർ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ചു.<br>2. കേരളത്തിൽ ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാൻ ഉത്തരവായി.<br>3. എ.ഐ.സി.റ്റി യുടെ റീജണൽ ഓഫീസ് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ്സിൽ ആരംഭിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. 2012 ആഗസ്റ്റ് മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.<br>4. കേരളത്തിൽ ഒരു ഐ.ഐ.റ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.<br>5. ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യാൻ ഡി.ഡി.എഫ്.എസ്. ഏർപ്പെടുത്തി.<br><br>6. ഹയർസെക്കന്ററി, ബിരുദ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽ ലഭ്യമാകുന്ന തരത്തിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അധികവൈദഗ്ധ്യം സ്വായത്തമാക്കൽ പദ്ധതി. (Additional Skill Acquisition Programme)<br>7. അക്കാഡമിക് സിറ്റി.<br>8.സ്റ്റേറ്റ്അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ് (SAFU).<br>9. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബിരുദതലത്തിലുള്ള വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.(Scholar Support Programme) |

10. ആർട്സ് - സയൻസ് - കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനും ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ മേഖലകൾ കണ്ടെത്തിക്കൊടുക്കുന്നതിനുമുള്ള "പഠിതാവിനോടൊപ്പം" എന്ന പദ്ധതി (Walk with a Scholar)

11. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി (CQUIP)

12.ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പുതിയ രണ്ട് കോളേജ് ഓഫ് അപ്ലൈഡ് സയൻസുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

13.കണ്ണൂർ ജില്ലയിലെ നടുവിൽ ഒരു പോളിടെക്നിക് സ്ഥാപിക്കാൻ ഉത്തരവായി

14.മലയാളം സർവ്വകലാശാല, ഓപ്പൺ സർവ്വകലാശാല എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.

15. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ്.

16. അട്ടപ്പാടി ഗവ. കോളേജ്.

17. തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ് കാമ്പസിൽ സെന്റർ ഫോർ എഞ്ചിനിയറിംഗ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്(CERD) സ്ഥാപിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| (ബി) ഇതിൽ ഓരോ സ്ഥാപനത്തിന്റെയും നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (ബി) CERD, TREST(Transportation Research Centre) എന്നിവ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ക്യാമ്പസിൽ സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനായി 150 ലക്ഷം രൂപ 2012-13 സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മലയാളം സർവ്വകലാശാല തിരൂരിൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2012-13 സംസ്ഥാന ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (EFLU) യുടെ ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.അട്ടപ്പാടി ഗവ. കോളേജ് കോളേജിനു വേണ്ടി അട്ടപ്പാടി കോട്ടാത്തറയിൽ 15 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| (സി) 2004 - 2005 - ലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച ഐ.ഐ.ടി യുടെ ഇപ്പോഴത്തെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; ഐ.ഐ.ടി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി കളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (സി) പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായി ബഹു. മുഖ്യമന്ത്രി ഈ മാസം നടത്തിയ ചർച്ചയിൽ ഈ വിഷയവും ഉൾക്കൊള്ളിക്കുകയുണ്ടായി. 2012-ൽ ആരംഭിക്കുന്ന 12-)ം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത സ്ഥാപനം പാലക്കാട് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | പാലക്കാട് ജില്ലയിലെ പടിഞ്ഞാറെ പുതുശ്ശേരി വില്ലേജിൽ ഐ.ഐ.ടി. സ്ഥാപിക്കുവാൻ സ്ഥലം കണ്ടെത്തുകയും 237.04 ഏക്കർ ഇതിനായി ഏറ്റെടുക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ